**"ഭരണഭാഷ - മാതൃഭാഷ"**

DGE/12559/2025-QIP1(1)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **02-09-2025**

**<u>സർക്കുലർ</u>**

വിഷയം:- പൊതുവിദ്യാഭ്യാസം -2025- 26 അധ്യയനവർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ പാദവാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പഠനപിന്തുണാപരിപാടി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :- എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 16.08.2025 ലെ SCERT/359/2025-CLP5 നമ്പർ സർക്കുലർ.

കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമിട്ടാണ് വിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങളും അതിന്റെ വിലയിരുത്തൽ പ്രക്രിയയും വിഭാവനം ചെയ്തിട്ടുള്ളത്. അറിവുനിർമ്മാണപ്രക്രിയയെ വികാസപ്രദവിലയിരുത്തലിലൂടെയും (Formative Assessment) ആത്യന്തികവിലയിരുത്തലിലൂടെയും (Summative Assessment) വിലയിരുത്തി പഠനപിന്തുണാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതുവഴി എല്ലാ പഠിതാക്കളെയും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങളിലേക്ക് എത്തിക്കാനാവൂ.

നിശ്ചിത പഠനലക്ഷ്യങ്ങൾ ആർജിക്കാതെ തുടർപഠനം നടത്തുന്നത് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ ആർജിക്കുന്നതിന് വിലങ്ങുതടിയാകും. ഈ സാഹചര്യത്തിൽ അതത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ നേടിയെന്ന് കൃത്യമായി ഉറപ്പുവരുത്തുകയും തുടർപഠനം സുഗമമാക്കുകയും ചെയ്യുക എന്നത് ഓരോ അധ്യാപകരുടെയും ചുമതലയാണ്. ഇതിനനുസൃതമായി സ്കൂൾ സംവിധാനവും ക്രിയാത്മകമായ ഇടപെടലുകൾ നടത്തണം.

**<u>പഠനപിന്തുണാപ്രവർത്തന നിർദേശങ്ങൾ</u>**

- **<u>പാദവാർഷിക ആത്യന്തികവിലയിരുത്തലിൽ ഓരോ വിദ്യാർഥിക്കും ലഭിച്ച വിവിധ വിഷയങ്ങളിലെ സ്കോർ സമ്പൂർണ്ണ പ്ലസിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.</u>**
- പാദവാർഷിക ആത്യന്തികവിലയിരുത്തലിലും (Summative Assessment Term 1) വികാസപ്രദവിലയിരുത്തലിലും (Formative Assessment Term 1) ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലാസ്സ്ടീച്ചർ ലിസ്റ്റ് ചെയ്യുന്ന (1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ E ഗ്രേഡും 9, 10

ക്ലാസ്സുകളിൽ D, E ഗ്രേഡുകളും നേടിയ കുട്ടികളെയാണ് പരിഗണിക്കേണ്ടത്.

- ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികളുടെ ഓരോ വിഷയത്തിലുമുള്ള കഴിവുകളും പരിമിതികളും കണ്ടെത്തി ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ ഒരു കുറിപ്പ് ക്ലാസ്ടീച്ചർക്ക് തയ്യാറാക്കി നൽകണം.
- കുട്ടികളുടെ പ്രധാന പഠനപ്രശ്നമേഖലകൾ ഏതെല്ലാമെന്ന് കണ്ടെത്തി രേഖപ്പെടുത്തു ന്നതിനായി പാദവാർഷിക ആത്യന്തികവിലയിരുത്തലിന്റെ (SA-1) ഉത്തരക്കടലാസുകളും വികാസപ്രദവിലയിരുത്തൽ (FA-1) രേഖകളും പ്രയോജനപ്പെടുത്തണം. അവയുടെ വിശകലനം കുട്ടിയുടെ പഠനനില മനസ്സിലാക്കാൻ സഹായകമാകും.
- 'ഓരോ കുട്ടിയും ഒരു യൂണിറ്റ് എന്ന കാഴ്ചപ്പാടിൽ ഊന്നി ആയിരിക്കണം പഠനപിന്തുണാപ്രവർത്തനങ്ങൾ നൽകേണ്ടത്.
- വിഷയാധിഷ്ഠിതമായി അധ്യാപകർക്ക് ചുമതലാവിഭജനം നടത്തണം. ഓരോ അധ്യാപകനും/അധ്യാപികയും പഠനപിന്തുണ ആവശ്യമുള്ള കുട്ടികളുടെ മെന്ററർമാരാകണം.
- വിദ്യാലയത്തിലെ ഒരു അധ്യാപകന്/ അധ്യാപികയ്ക്ക് പഠനപിന്തുണാ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല നൽകണം.
- പഠനപിന്തുണാപ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ ക്ലാസിലെ കുട്ടികളുടെ പഠനവേഗതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ശ്രദ്ധക്കുറവ്, ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ, കുട്ടിയെ പഠനത്തിൽ നിന്നും അകറ്റുന്ന സാമൂഹ്യവും വൈകാരികവുമായ ഘടകങ്ങൾ എന്നിവ ചർച്ച ചെയ്യണം. (ഇതിനായി ബി.ആർ.സി.യിലെ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ/സ്കൂൾ കൗൺസിലറുടെ സഹായം തേടാവുന്നതാണ്).
- പ്രഥമാധ്യാപകന്റെ/പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ എസ്.ആർ.ജി.യിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്ന മേഖലകൾ ചർച്ചചെയ്യുകയും ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പഠനപ്രയാസങ്ങളെ പൊതുവായി ക്രോഡീകരിക്കുകയും ചെയ്യണം. കണ്ടെത്തിയ പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പഠനപിന്തുണാ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ പ്രഥമാധ്യാപകന്റെയും/ പ്രഥമാധ്യാപികയുടെയും എസ്.ആർ.ജി. കൺവീനറുടെയും നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്.
- 2025 സെപ്റ്റംബർ രണ്ടാംവാരത്തിൽ തന്നെ നടത്തുന്ന സ്കൂൾതല എസ്.ആർ.ജി. യോഗത്തിന് ശേഷം പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് നല്കേണ്ട പുനരനുഭവപ്രവർത്തനങ്ങൾ ഓരോ വിഷയത്തിലും അധ്യാപകർ കണ്ടെത്തി നിർദേശിക്കണം. നിലവിലുള്ള പാഠഭാഗം മുഴുവനായി ഉപയോഗിക്കാതെ കുട്ടിക്ക് അനുഭവവിടവുള്ള പഠനമേഖലകൾ പ്രത്യേകമായി കണ്ടെത്തുകയും നിർദേശിക്കുകയും വേണം. അതോടൊപ്പം

കുട്ടിയുടെ പഠനപുരോഗതി (കുട്ടിക്ക് പഠനലക്ഷ്യങ്ങൾ ആർജിക്കാൻ സാധിക്കുന്നുവെന്ന്) ഉറപ്പുവരുത്തുകയും വേണം.

- ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെ ഇത്തരത്തിൽ ഓരോ വിഷയത്തിലും ആവശ്യമായ പാഠഭാഗങ്ങൾ (അനുഭവവിടവുള്ള പഠനമേഖലകൾ) നേരത്തെ കണ്ടെത്തി രക്ഷിതാക്കളുടെയും കുട്ടികളുടെയും ഓൺലൈൻ/ഓഫ് ലൈൻ യോഗത്തിൽ കൃത്യമായ വിവരണം നൽകണം.
- ഓരോ കുട്ടിയുടെയും വ്യക്തിഗതമായ പ്ലാനുകൾ രക്ഷിതാവുമായി നടക്കുന്ന ചർച്ചയിൽ വിശദീകരിക്കുകയും ബോധ്യപ്പെടുത്തുകയും വേണം. ഗുണാത്മക നിർദേശങ്ങളിലൂടെ രക്ഷിതാവിന്റെ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യണം.
- ബന്ധപ്പെട്ട പുനരനുഭവപ്രവർത്തനങ്ങൾ കുട്ടി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ രക്ഷിതാക്കളെ ഫോണിൽ ബന്ധപ്പെടുകയും കുട്ടിയുമായി സംസാരിക്കുകയും ചെയ്യുന്നത് നല്ലതാണ്.
- ഓരോ ആഴ്ചയിലും കുട്ടിയിൽ ഉണ്ടാവുന്ന പഠനവ്യത്യാസം കൃത്യമായി നിരീക്ഷിക്കേണ്ടതും അധ്യാപകർ ഒരു നോട്ടുബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ആഴ്ചയിലും രേഖപ്പെടുത്തുമ്പോൾ തൊട്ടുമുമ്പേയുള്ള ആഴ്ചയിൽ നിന്ന് ഓരോ പഠനലക്ഷ്യത്തിലും കുട്ടി എത്രത്തോളം മുന്നോട്ട് പോയി എന്ന് കണ്ടെത്തുകയും അതിനനുസരിച്ച് പഠിതാവിന് ഗുണാത്മക നിർദേശങ്ങൾ നൽകുകയും വേണം.
- മതിയായ പഠനപുരോഗതി കാണിക്കാത്ത കുട്ടികളെ സംബന്ധിച്ച് എസ്.ആർ. ജി.യിൽ ചർച്ച ചെയ്ത് പരിഹാരങ്ങൾ നിർദേശിക്കുകയും വേണം.
- കുട്ടിയുടെ പഠനപുരോഗതിയുമായി ബന്ധപ്പെട്ട ഒരു ലഘുകുറിപ്പ് ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ ക്ലാസ്ടീച്ചർക്ക് തയ്യാറാക്കി നൽകണം.
- പഠനപിന്തുണാപ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും റിപ്പോർട്ടും തയ്യാറാക്കണം.
- പഠനപിന്തുണാപ്രവർത്തനങ്ങൾക്ക് ശേഷം പ്രതീക്ഷിത പഠനലക്ഷ്യങ്ങൾ പഠിതാവ് ആർജിച്ചോ എന്നറിയുന്നതിനുവേണ്ട വിലയിരുത്തൽ പ്രവർത്തനങ്ങൾ നൽകേണ്ട താണ്.
- പഠനപിന്തുണാപ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥർ സ്കൂളിൽ എത്തുമ്പോൾ അധ്യാപകർ പ്രസ്തുത കുട്ടികളെ സംബന്ധിച്ച് നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയ പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും കുട്ടികളുടെ പഠനപുരോഗതി സംബന്ധിച്ച് വ്യക്തമായ ധാരണ ബോധ്യപ്പെടുത്തേണ്ടതുമാണ്.

- 2025 സെപ്റ്റംബർ മാസം തന്നെ പഠനപിന്തുണാപ്രവർത്തനങ്ങൾ പൂർത്തീകരിക്കണം.
- 2025 സെപ്റ്റംബർ നാലാംവാരം ഈ പഠനപിന്തുണാപ്രവർത്തനങ്ങളുടെ പുരോഗതി പ്രഥമാധ്യാപകൻ/ പ്രഥമാധ്യാപിക നിരീക്ഷിക്കുകയും തെരഞ്ഞെടുക്കപ്പെട്ട എല്ലാ കുട്ടികളും പഠനലക്ഷ്യങ്ങളിലേക്ക് എത്തിയെന്ന് ഉറപ്പാക്കേണ്ടതുമാണ്.
- കുട്ടികളുടെ പഠനപുരോഗതിയുടെ നേർക്കാഴ്ചകൾ രക്ഷിതാക്കളുടെ മുന്നിലവതരിപ്പി ക്കുകയും കുട്ടികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായം വിശകലനം ചെയ്ത് സ്കൂൾ തല പഠനപിന്തുണാപ്രവർത്തനങ്ങളുടെ വിലയിരുത്തൽ കുറിപ്പുകൾ എസ്.ആർ.ജി യിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓരോ വിദ്യാലയവും പ്രസ്തുത വിലയിരുത്തൽ കുറിപ്പിന്റെ കോപ്പി എ.ഇ.ഒ (പ്രൈമറിതലം) ഡി.ഇ.ഒ (ഹൈസ്കൂൾതലം) എന്നിവർക്ക് സമർപ്പിക്കണം.

**പഠനപിന്തുണാപ്രവർത്തന സമയക്രമം**

| **പ്രവർത്തനങ്ങൾ** | **ചുമതല** | **സമയക്രമം** |
|---|---|---|
| പാദവാർഷിക ആത്യന്തികവിലയിരുത്തലിന്റെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം. | അധ്യാപകർ | 2025 സെപ്റ്റംബർ 9 |
| പഠനപിന്തുണാ പ്രവർത്തനവുമായി ബന്ധപ്പെട്ട വിദ്യാലയതല വിശകലനയോഗം | പ്രഥമാധ്യാപകർ | 2025 സെപ്റ്റംബർ 10 |
| പഠിതാക്കൾക്കുള്ള പുനരനുഭവപ്രവർത്തനങ്ങളുടെ ആസൂത്രണം | എസ്.ആർ.ജി കൺവീനർ/ പ്രഥമാധ്യാപകർ | 2025 സെപ്റ്റംബർ 11 |
| ബന്ധപ്പെട്ട രക്ഷകർത്താക്കളുടെ സി.പി.ടിഎ യോഗം | ക്ലാസ് ടീച്ചർ | 2025 സെപ്റ്റംബർ 12 |
| പഠനപിന്തുണാ പ്രവർത്തനങ്ങളുടെ നിർവ്വഹണം | ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ | 2025 സെപ്റ്റംബർ 26 |
| പുനരനുഭവപ്രവർത്തനങ്ങളുടെ ക്ലാസ്റ്റും തല വിലയിരുത്തൽ | ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ | 2025 സെപ്റ്റംബർ 29 |
| പഠനപിന്തുണാ പ്രവർത്തനങ്ങളുടെ | എസ്.ആർ.ജി കൺവീനർ/ | |

| | | |
|---|---|---|
| ഫലപ്രാപ്തി വിലയിരുത്തുന്നതിനുള്ള എസ്.ആർ.ജി യോഗം | പ്രഥമാധ്യാപകർ | 2025 സെപ്റ്റംബർ 30 |

വിദ്യാലയവും രക്ഷിതാക്കളും ഒരുമിച്ച് ചേർന്നുള്ള പഠനപിന്തുണാ പ്രവർത്തനങ്ങളാണ് വിജയം കാണുന്നത്. രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തി പഠനപിന്തുണാ ആവശ്യമുള്ള കുട്ടികളുടെ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രധാനാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ് : 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം

Signed by
Umesh N S K
Date: 02-09-2025 11:54:20